പതിനാലാം കേരള നിയമ സഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 105 | 30.01.2018- ൽ മറുപടിക്ക്

## കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതി

**ചോദ്യം**

ശ്രീ. എ. എൻ. ഷംസീർ
ശ്രീ. കെ.സുരേഷ് കുറുപ്പ്
ശ്രീ. പി.കെ. ശശി
ശ്രീ. ജോർജ് എം. തോമസ് :

**ഉത്തരം**

ശ്രീ. ജി. സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(എ) കെ.എസ്.റ്റി.പി രണ്ടാംഘട്ട പദ്ധതിയുടെ പുരോഗതി താഴെ വിവരിക്കുന്നു.

| പാക്കേജ് നമ്പർ | റോഡിന്റെ പേരും ദൈർഘ്യവും | കരാർ തുക (കോടി രൂപ) | നിലവിലെ പുരോഗതി (ശതമാനത്തിൽ) |
|---|---|---|---|
| UG-1 | കാസർകോട് - കാഞ്ഞങ്ങാട് റോഡ് (27.78 കി.മീ.) | 133.05 | 78.80 |
| UG-2 | പിലാത്തറ - പാപ്പിനിശ്ശേരി റോഡ് (20.90 കി.മീ.) | 118.29 | 80.50 |
| UG-3A | തലശ്ശേരി - കളറോഡ് റോഡ് (28.80 കി.മീ.) | 156.34 | 31.25 |
| UG-3B | കളറോഡ് - വളവുപാറ റോഡ് (25.20 കി.മീ.) | 209.68 | 38.65 |
| UG-4 | ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (45.40 കി.മീ.) | 293.58 | 90.10 |
| UG-4A | തിരുവല്ല ബൈപ്പാസ് (2.3കി.മീ.) | 31.80 | 63 |
| UG-5 | ഏറ്റുമാനൂർ- മൂവാറ്റു പുഴ റോഡ് (40.96 കി.മീ.) | 171.49 | 92.10 |
| UG-6 | പൊൻകുന്നം - തൊടുപുഴ റോഡ് (50 കി.മീ.) | 227.13 | 99.20 |
| UG-8 | പെരുമ്പിലാവ് - പെരിന്തൽമണ്ണ റോഡ് (41 കി.മീ) | 8.11 | 100% |

| | | | | | |
|---|---|---|---|---|---|
| | | UG-7 | പുനലൂർ -പൊൻകുന്നം റോഡ് പൊതുസ്വകാര്യ പങ്കാളിത്തത്തോടെ (82 കി.മീ) | 747 (എസ്റ്റിമേറ്റ് തുക) | പി.പി.പി ആയി നടപ്പിലാക്കേണ്ട പദ്ധതി EPC വ്യവസ്ഥയിൽ നടപ്പിലാക്കുന്നതിന് തീരുമാനിച്ച വേൾഡ് ബാങ്ക് ഈ പദ്ധതി നടപ്പാക്കാൻ ഇപ്പോഴാണ് തയ്യാറായത്. ബഹു. മുഖ്യമന്ത്രി, ബഹു.PWD മന്ത്രി എന്നിവർ ഇടപെട്ടതിനു ശേഷമാണ് ഈ പദ്ധതി അംഗീകരിച്ചത്. ഇത് stand alone project ആയി നടപ്പാക്കാമെന്ന് World Bank Team കഴിഞ്ഞ നവംബറിൽ ബഹു.PWD മന്ത്രിക്ക് ഉറപ്പ് നൽകിയതാണ്. |
| | | | സേഫ് കോറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി - കഴക്കൂട്ടം- തൈക്കോട്-അടൂർ റോഡിന്റെ ബി.സി ഓവർലേയും മറ്റ് റോഡ് സുരക്ഷാ പണികളും.(80. കി.മീ) | 146.67 | 25% |

ഇവയിൽ UG-I, UG-II, UG-IV, UG-V എന്നീ നാല് പ്രവൃത്തികൾ 2018 മാർച്ച് മാസത്തിലും UG-IIIA, UG-IIIB, SCDP- കഴക്കൂട്ടം, അടൂർ എന്നീ മൂന്ന് പ്രവൃത്തികൾ 2018 അവസാനത്തോടുകൂടിയും പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

നിർത്തിവെച്ച തിരുവല്ല ബൈപ്പാസ് നിർമ്മാണം സ്റ്റീയറിംഗ് കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം റിടെണ്ടർ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുനലൂർ- പൊൻകുന്നം റോഡ് ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം EPC (എൻജിനിയറിംഗ് പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ) രീതിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ നടന്നുവരുന്നു.

| | | | |
|---|---|---|---|
| (ബി) | രണ്ടാംഘട്ട പദ്ധതിയ്ക്കായി എത്ര തുകയാണ് ലോക ബാങ്ക് വായ്പയായി ലഭിച്ചിട്ടുള്ളതെന്നും സംസ്ഥാന സർക്കാർ വിഹിതം എത്ര ശതമാനമാണെന്നും അറിയിക്കാമോ; | (ബി) | കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിന്റെ പദ്ധതി തുക 2403 കോടി രൂപയാണ് (445 മില്യൻ ഡോളർ) ഇതിൽ ലോകബാങ്കിന്റെ വായ്പാതുക 216 മില്യൻ ഡോളറാണ്. അതായത് പദ്ധതി ചെലവിന്റെ 56% വും സംസ്ഥാന വിഹിതം 44% വും ആയാണ് ക്രമീകരിച്ചിട്ടുള്ളത്. |
| (സി) | ഇതിൽ ഏതെല്ലാം പദ്ധതികളാണ് നിലവിൽ പൂർത്തിയാക്കിയിട്ടുള്ളത്; | (സി) | കെ.എസ്.ടി.പി. രണ്ട് പദ്ധതികളിൽ പെരിമ്പിലാവ്-പെരിന്തൽമണ്ണ റോഡിന്റെ ഉപരിതലം പുതുക്കുന്ന പ്രവൃത്തിയും, പൊൻകുന്നം - തൊടുപുഴ റോഡ് നവീകരണം എന്ന പ്രവൃത്തിയും പൂർത്തിയായിട്ടുണ്ട്. |
| (ഡി) | പദ്ധതിയിലെ ഏതെങ്കിലും പ്രവൃത്തികൾ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി പുനലൂർ-പൊൻകുന്നം റോഡ് നിർമ്മാണം പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനാണ് തീരുമാനിച്ചിരുന്നത്. ലോൺ കാലാവധി അവസാനിക്കുന്നതിനു മുൻപ് നടപടികൾ പൂർത്തിയാക്കിത്തുടങ്ങിയാൽ രണ്ടര വർഷം വേണ്ടുന്ന പദ്ധതി പൂർത്തിയാക്കാൻ കഴിയില്ല എന്ന കാരണത്താൽ മറ്റു രീതികൾ അവലംബിക്കാൻ ലോകബാങ്ക് നിർദ്ദേശിക്കുകയുണ്ടായി.<br>കൂടാതെ ഇൻഡ്യയിലാകെ നിക്ഷേപകർക്ക് ഈ രീതികളിൽ നടപ്പിലാക്കുന്ന പദ്ധതികളോട് വിരസത ഉള്ളതായും കാണുന്നുണ്ട്.<br>ആയതിനാൽ പ്രസ്തുത പദ്ധതി EPC രീതിയിൽ ചെറിയ പദ്ധതികളായിട്ട് ചെയ്താൽ കുറഞ്ഞ കാലാവധിക്കുള്ളിൽ തീർക്കാൻ സാധിക്കും. അതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. |

S. Bindu

സെക്ഷൻ ഓഫീസർ